**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉന്നത വിദ്യാഭ്യാസം - ബി.ടെക് ലാറ്ററൽ എൻട്രി കോഴ്സുകളിലേയ്ക്ക് അടുത്ത അദ്ധ്യയന വർഷം മുതൽ മുൻ വർഷത്തെ ഒഴിവുള്ള EWS സീറ്റുകളിൽ പ്രവേശനം നൽകുന്നതിന് അനുമതി നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉന്നത വിദ്യാഭ്യാസ (ജെ) വകുപ്പ്**

**സ.ഉ.(സാധാ) നം.1545/2020/ഉ.വി.വ** തീയതി,തിരുവനന്തപുരം, 14/12/2020

---

പരാമർശം:- 1. സ.ഉ.( സാധാ ) നം .1144/ 2020/ ഉ.വി.വ തീയതി 15-09-2020.

2. സ.ഉ.( സാധാ ) നം .1284/ 2020/ ഉ.വി.വ തീയതി 15-10-2020.

3. പ്രവേശന പരീക്ഷാ കമ്മിഷണറുടെ 23/11/2020 - ലെ CEE/1800/B.Tech (LE) - 2020/TA2 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (1) - ലെ ഉത്തരവ് പ്രകാരം അംഗീകരിച്ച 2020-21 വർഷത്തിലെ ബി.ടെക് ലാറ്ററൽ എൻട്രി കോഴ്സിലേയ്ക്കുള്ള പ്രവേശനത്തിനായുള്ള പ്രോസ്പെക്ടസ്സിൽ, ക്ലോസ് 5.9 അനുസരിച്ച സംവരണേതര വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന (EWS) അപേക്ഷകർക്ക് ബി.ടെക് ലാറ്ററൽ എൻട്രി പ്രവേശനത്തിനു സംവരണത്തിന് അർഹതയുണ്ടെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. പരാമർശം (2) - ലെ ഉത്തരവ് പ്രകാരം എല്ലാ എയ്ഡഡ്/സർക്കാർ നിയന്ത്രിത/സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ/ആർക്കിടെക്ചർ കോളേജുകളിലെ എല്ലാം എഞ്ചിനീയറിംഗ് / ആർക്കിടെക്ചർ കോഴ്സുകളിൽ, 2020 - ലെ AICTE Approval process Hand Book നു വിധേയമായി, EWS വിഭാഗക്കാർക്ക് 10% സൂപ്പർന്യൂമറി സീറ്റുകൾ അനുവദിച്ചിട്ടുണ്ട്.

എന്നാൽ അനുവദിയ്ക്കപ്പെട്ട സീറ്റുകൾക്കും അധികമായി 10% സൂപ്പർ ന്യൂമററിയായി അനുവദിച്ച കൊണ്ടാണ് ബി.ടെക് ലാറ്ററൽ എൻട്രി കോഴ്സിലേയ്ക്ക് പ്രവേശനം നടത്തുന്നതെന്നും അധികമായി അനുവദിച്ച സൂപ്പർ ന്യൂമററി സീറ്റുകൾ കൂടാതെ 10% EWS നു വേണ്ടി സൂപ്പർ ന്യൂമററി സീറ്റുകളാക്കി പ്രത്യേകമായി അനുവദിച്ചാൽ മാത്രമേ ബി.ടെക് ലാറ്ററൽ എൻട്രിക്കായി EWS സീറ്റുകളിലേയ്ക്ക് പ്രവേശനം നടത്താൻ സാധിക്കുകയുള്ളൂ എന്നും AICTE യുടെ Approval Process Handbook 2020-21, അദ്ധ്യായം 1, ക്ലോസ് 7.44 EWS ൽ ഒഴിവുള്ള സീറ്റുകളെ രണ്ടാം വർഷത്തെ ലാറ്ററൽ എൻട്രിക്ക് പരിഗണിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടെന്നും പ്രവേശന പരീക്ഷാകമ്മീഷണർ പരാമർശം (3) - ലെ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി.

കഴിഞ്ഞ വർഷം EWS സീറ്റുകൾ അനുവദിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ അടുത്ത അദ്ധ്യയന വർഷം മുതൽ ബി.ടെക് ലാറ്ററൽ എൻട്രി കോഴ്സിന് മുൻവർഷത്തെ ഒഴിവുള്ള EWS സീറ്റുകളിൽ പ്രവേശനം നൽകാവുന്നതാണെന്ന് പ്രവേശന പരീക്ഷാകമ്മീഷണർ ശുപാർശ ചെയ്തിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കഴിഞ്ഞ അദ്ധ്യയന വർഷം EWS സീറ്റുകൾ അനുവദിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ അടുത്ത അദ്ധ്യയന വർഷം മുതൽ ബി . ടെക്

ലാറ്ററൽ എൻട്രി കോഴ്സിന് മുൻവർഷത്തെ ഒഴിവുള്ള EWS സീറ്റുകളിൽ പ്രവേശനം നൽകുന്നതിന് അനുമതി നൽകികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
C AJAYAN
**അഡിഷണൽ സെക്രട്ടറി**

പകർപ്പ്,

1.പ്രവേശന പരീക്ഷാ കമ്മീഷണർ, തിരുവനന്തപുരം.

2.രജിസ്ട്രാർ, എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല, തിരുവനന്തപുരം.

3. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ തിരുവനന്തപുരം

4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

5. www. higher education.kerala.gov.in

6.ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ,ഐ&പി.ആർ.ഡി.

7. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ